ആലുവയിൽ ആദായനികുതി ഉദ്യോഗസ്ഥർ ചമഞ്ഞ് വീട്ടിൽ നിന്ന് സ്വർണ്ണവും പണവും കവർന്ന കേസിൽ ഒരാൾ കൂടി പിടിയിൽ. കണ്ണൂർ, കൂത്തുപറമ്പ്, നഹ്‌ലാ മഹലിൽ സുഹറ (37) യെയാണ് ആലുവ പോലീസ് പിടികൂടിയത്. സംഭവത്തിലെ പ്രതിയായ ഹാരിസിന്റെ ഭാര്യയാണ്. ഇവരുടെ പങ്കാളിത്തത്തിലാണ് സംഘം ഗൂഢാലോചന നടത്തിയത്. സംഭവത്തിന് ശേഷം മറ്റ് പ്രതികൾക്ക് ഒളിവിൽ കഴിയാൻ സഹായം ചെയ്തു കൊടുത്തതും, വിവരങ്ങൾ കൈമാറിയിരുന്നതും സുഹറയാണ്. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി.